# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3450 16.12.15-ൽ മറുപടിക്ക്.

### പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(i) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>(ii) പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കി. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 5 വർഷത്തേയ്ക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും ഓരോ വർഷത്തേക്കുമുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണവും അംഗീകാരം നേടലും നടപടിക്രമങ്ങൾ ലഘൂകരിച്ച് സാങ്കേതിക ഉപദേശക സമിതി ഒഴിവാക്കി. |

(iii) ISO 9001-2008 സർട്ടിഫിക്കേഷനിലൂടെ മെച്ചപ്പെട്ട സേവനം നടപ്പാക്കിവരുന്നു.

(iv)എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(v) ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു. പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(vi) ഇ-ഗവേർണൻസിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽക്കരണം അന്തിമഘട്ടത്തിലാണ്.

(vii) ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി കില മുഖേന പരിശീലനം നൽകി വരുന്നു.

(viii) അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ഉറപ്പാക്കുന്നതിനായി സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ix) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(x) ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.

(xi) പൊതുശ്മശാനം, ആധുനിക അറവുശാല നിർമ്മാണം എന്നിവ നിർബന്ധിത പ്രോജക്ടായി

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തീരുമാനം സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആവശ്യമായ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത തീരുമാനം ജനങ്ങൾക്ക് എപ്രകാരം പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br>(i)ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ ജോലിഭാരം ലഘൂകരിക്കുന്നതിനും അതുവഴി സേവനങ്ങൾ പെട്ടെന്ന് നൽകുന്നതിനും സാധിച്ചിട്ടുണ്ട്.<br>(ii) ISO സർട്ടിഫിക്കേഷനിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കി വരുന്നു.<br>(iii) ഫ്രണ്ട് ആഫീസ് സംവിധാനത്തിലൂടെ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കിയിട്ടുണ്ട്.<br>(iv) ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിച്ചതു വഴി ഗുണനിലവാരമുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ